ഡിജിറ്റൽ മാസിക





# സന്ദേശം


എസ്. എൻ.ട്രസ്റ്റ് ഹയർസെക്കന്ററി സ്കൂൾ 2019-20 അദ്ധ്യയനവർഷത്തിൽ 'മഷിത്തണ്ട്'എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.

പാഠ്യ-പാഠ്യേതര രംഗത്ത് വിദ്യാലയത്തിന് ആർജിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കലീസാഹിത്യസ്‌ഷ്ടികൾ പ്രകാശിപ്പിക്കുന്നതിന് സ്മരണിക വേദി ഒരുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സി.രവീന്ദ്രനാഥ്
വിദ്യാഭ്യാസമന്ത്രി

---

ഹെഡ്മിസ്ട്രസ്
എസ്.എൻ.ട്രസ്റ്റ് ഹയർ സെക്കൻഡറി
സ്കൂൾ,കൊല്ലം-04742747578



ഹെഡ്മിസ്ട്രസ്
മിനിജ.ആർ.വിജയൻ



കൈറ്റമിസ്ട്രസ്
പ്രീത. പി. ആർ, രേഖാരാജ്



**ഉള്ളടക്കം**


സിംഹത്തിന്റെ ചങ്ങാതി കഥ....................................3
ഇതാ സമ്മാനം കവിത....................................6
ചെമ്പനും തുമ്പിയും കവിത....................................7
അഭിമാനം കവിത....................................8
തത്തമ്മയോട് കവിത....................................8
മഴവില്ല് കവിത....................................9
ഇന്ത്യയിലെ അപരനാമങ്ങൾ....................................9
നിറപ്പാട്ട് കവിത....................................10
ചിത്രംവര കവിത....................................11
പുതുവർഷപ്പെണ്ണ് കവിത....................................11
പുൽക്കുട്ടിലെ ഉണ്ണി കവിത....................................12
കൂട്ടുകാർ കവിത....................................13
പൂത്തുമ്പിക്കൂട്ടം കവിത....................................14
കടങ്കഥകൾ....................................14
കരടിയും പുലിയും കവിത....................................15
മിച്ചം ആർക്ക് കവിത....................................15
ഞണ്ടമ്മയും കുട്ടിയും കഥ....................................16

## എഡിറ്റർ



ആരഭി. എം.എൻ
9 ബി

## സിംഹത്തിന്റെ ചങ്ങാതി കഥ

പണ്ടുപണ്ട് കാട്ടിൽ കേസരി എന്നൊരു സിംഹമുണ്ടായിരുന്നു. കേസരിയുടെ മകനാണ്  വീരൻ. ഒരു ദിവസം കേസരി വീരനോടു പറഞ്ഞു:    “എനിക്കു വയസ്സായി.മാനിനെയും മറ്റും ഓടിച്ചു പിടിക്കാൻ എനിക്കിനി പറ്റില്ല. ഇനി നീ വേണം കുടുംബം നോക്കാൻ!” വീരൻ സമ്മതിച്ചു. ആദ്യമൊക്കെ ചെറിയ മൃഗങ്ങളെ മാത്രമേ അവന് പിടികൂടാനായുള്ളൂ. പക്ഷേ ക്രമേണ വീരൻ

വിദഗ്ധനായ വേട്ടക്കാരനായി. എന്നും വലിയ കാട്ടുപോത്തുകളെ അവൻ വേട്ടയാടിപ്പിടിച്ച് ഗുഹയിലെത്തിച്ചു. ഇതെല്ലാം ഒരു സൂത്രക്കാരൻ  ശ്രദ്ധിക്കുന്നുണ്ടായിരുന്നു-സൃഗൻ എന്ന കുറുക്കൻ! "ഇവനോടു കൂട്ടുകൂടിയാൽ ജീവിതം സുഖം!" അവൻ ചിന്തിച്ചു. അവൻ വീരന്റെ മുന്നിലെത്തി പറഞ്ഞു: "അങ്ങയുടെ കൂടെ കൂടാൻ എന്നെ  അനുവദിക്കണം". "എനിക്ക് വേട്ടയാടാൻ ഒരു കൂട്ടുകാരന്റെ ആവശ്യമില്ല " വീരൻ പറഞ്ഞു. അങ്ങനെ പറയരുത്.അങ്ങയെപ്പോലൊരു ധീരന്റെ  അടിമയാകുന്നതു പോലും മഹാ ഭാഗ്യമാണ്. കുറുക്കന്റെ പുകഴ്ത്തൽ വീരന് കുറേശ്ശേ രസിച്ചു തുടങ്ങിയിരുന്നു. അങ്ങനെ സൃഗൻ സിംഹത്തിന്റെ പിന്നാലെ നടക്കാൻ തുടങ്ങി. വേട്ടയാടിക്കിട്ടുന്ന ഇരയുടെ പങ്ക് സിംഹം കുറുക്കനു കൊടുത്തു.പണിയൊന്നും ചെയ്യാതെ തിന്നുനടന്ന് സൃഗൻ തടിച്ചുകൊഴുത്തു.എല്ലാ ദിവസവും ഇരയുടെ ദേഹത്തുനിന്ന് ഒരു ഭാഗം കാണാതാകാൻ തുടങ്ങിയപ്പോൾ അമ്മ സിംഹം ചോദിച്ചു:കാട്ടുപോത്തിന്റെ ഒരു കാൽ എവിടെപ്പോയി? അത് എന്റെ കൂട്ടുകാരനുകൊടുത്തു , വീരൻ പറഞ്ഞു. ഒരു ദിവസം വേട്ടയാടിയ  കാട്ടുപോത്തിനെ  ഗുഹയിലെത്തിക്കുമ്പോൾ ഒപ്പം കുറുക്കനും ചെന്നു.അതാരാണ്?പുറത്ത് നിഴൽ കണ്ടപ്പോൾ അമ്മ ചോദിച്ചു  അത് എന്റെ കൂട്ടുകാരൻ." ഒരു കുറുക്കനാണോ നിന്റെ ചങ്ങാതി? സിംഹമോ കടുവയോ  ആയിരിക്കും മകന്റെ ചങ്ങാതിയെന്നാണ് അമ്മ കരുതിയിരുന്നത്. അവന്റെ കൂട്ട് നീ

ഉപേക്ഷിക്കണം ! കേസരി പറഞ്ഞു. പക്ഷേ വീരൻ അതിന് തയ്യാറായില്ല.കിട്ടുന്ന ഇറച്ചിയിൽ ഒരു പങ്ക് സൃഗൻ സ്വന്തം മാളത്തിലേക്ക് കൊണ്ട് പോകുമായിരുന്നു. ഒരു ദിവസം കുറുക്കത്തി സൃഗനോട് പറഞ്ഞു: "എന്നും കാട്ടുപോത്തിറച്ചി തിന്നുമടുത്തു.പുതിയത് എന്തെങ്കിലും കൊണ്ടുവരു".പിറ്റേന്ന് സൃഗൻ വീരനോടു പറഞ്ഞു: "കാട്ടുപോത്തിനെ തിന്ന് അങ്ങയുടെ ഗുഹയിലുള്ളവർക്ക് മടുത്തു കാണും. മറ്റെന്തെങ്കിലും കിട്ടുമോ എന്ന് നോക്കിയാലോ?"

കുറുക്കന്റെ നിർബന്ധത്തിന് വഴങ്ങി സിംഹം അന്വേഷണം തുടങ്ങി. ഒടുവിൽ കണ്ടു. അതിർത്തിക്കടുത്ത് കുറേ മനുഷ്യർ കുതിരകളെ കുളിപ്പിക്കുന്നു!

രാജാവിന്റെ കുതിരകളാണ് അതെന്ന് വീരന് മനസ്സിലായില്ല. കുറുക്കൻ പറഞ്ഞതുമില്ല. അവൻ പൊന്തക്കാടിന് പിന്നിൽ മറഞ്ഞിരുന്നു. വീരൻ പതുങ്ങിച്ചെന്ന് ഒരു കുതിരയെ പിടിച്ച് ഗുഹയിലെത്തിച്ചു. അതിന്റെയുംഒരു കാൽ സൃഗൻ കൊണ്ടുപോയി!

"നമ്മുടെ കാട്ടിൽ കുതിരയില്ലല്ലോ.എവിടെനിന്നാണ് കുതിരയെ കിട്ടിയത്?"കേസരി ചോദിച്ചു.

"അതിർത്തിയിൽ ഒരു കൂട്ടം കുതിരകൾ വന്നിട്ടിണ്ട്"

"കുതിരകളെ പിടിക്കുന്നത് അപകടമാണ്.കൂടെ മനുഷ്യരും ഉണ്ടാകും". കേസരി പറഞ്ഞു. പക്ഷേ വീരൻ വക വച്ചില്ല.അവൻ പിന്നെയും കുതിരകളെ പിടിച്ചു.

കേസരി വീണ്ടും വീണ്ടും മുന്നറിയിപ്പ് കൊടുത്തു. വീരൻ അതൊന്നും കണക്കാക്കിയില്ല. കുതിരകളുടെ എണ്ണം കുറയുന്ന കാര്യം രാജാവ് അറിഞ്ഞു. അദ്ദേഹം ഉത്തരവിട്ടു: "ഇനി കുതിരകളെ കൊട്ടാരത്തിനടുത്ത് തന്നെ കുളിപ്പിച്ചാൽ മതി". കുതിരകളെ കാടിനടുത്തു കാണാതായതോടെ വീരൻ നിരാശനായി. അപ്പോൾ സൃഗൻ പറഞ്ഞു: " അവർ എവിടെയുണ്ടാകുമെന്ന് എനിക്കറിയാം". സൃഗൻ വീരനെ കൊട്ടാരത്തിനടുത്ത് കുതിരകളെ കുളിപ്പിക്കുന്ന സ്ഥലത്തേക്കു കൊണ്ടുപോയി. എന്തെങ്കിലും അപകട സൂചന ഉണ്ടായാൽ ഞാൻ ശബ്ദം പുറപ്പെടുവിക്കാം എന്ന് സൃഗൻ പറഞ്ഞശേഷം മറഞ്ഞിരുന്നു.സൃഗനെ വിശ്വസിച്ച വീരൻ കുതിരലായത്തിനടുത്തുള്ള സ്ഥലത്ത് എത്തി. സിംഹത്തെ കണ്ട കുതിരകൾ ഒന്നാകെ ബഹളമുണ്ടാക്കി.പടയാളികൾ പാഞ്ഞെത്തി. സിംഹത്തെ കണ്ട അവർ ഒന്നു പകച്ചെങ്കിലും കൂട്ടമായി വീരനെ അക്രമിക്കാൻ തുടങ്ങി. പകച്ച വീരൻ സൃഗൻ ഇരുന്ന ഭാഗത്തേക്ക് നോക്കി. അവിടെ സൃഗന്റെ പൊടിപോലും ഇല്ലായിരുന്നു. തന്റെ ചങ്ങാതി തന്നെ ചതിക്കുകയായിരുന്നെന്ന് വീരന് മനസ്സിലായി.തന്റെ

അമ്മ പറഞ്ഞ വാക്കിന്റെ പൊരുൾ വീരന് മനസ്സിലായി.
ആപത്തിൽ സഹായിക്കാത്തവൻ ആത്മാർത്ഥ സുഹൃത്ത്  അല്ല.
അതോടെ വീരൻ ആ ചങ്ങാത്തം അവസാനിപ്പിച്ചു. ഗൗരികൃഷ്ണ

10.എ



ഇതാ സമ്മാനം

കവിത

മണ്ണു പറഞ്ഞു: "വിത്തേ വിത്തേ ,
നിന്നെപ്പതിയെ മുളപ്പിക്കാം."
സൂര്യൻ ചൊല്ലി: "മുളയ്ക്കു,വെയിലിൽ
വീര്യം നൽകി വളർത്തീടാം."
മഴമേഘങ്ങൾ ചൊല്ലീ:  "കുളിരും
മഴയിൽ  നിന്നെ നനച്ചീടാം."
കാറ്റു പറഞ്ഞു : " കനിവൊടു നിന്നെ -
പ്പാട്ടും പാടിയുറക്കീടാം".
അങ്ങനെ വിത്തൊരു ചെടിയായപ്പോ-
ളിങ്ങനെ മെല്ലെപ്പാടുന്നു:
"എല്ലാം തന്നവർ നിങ്ങൾക്കായ് ഞാൻ
നല്ല കതിർക്കുല നൽകീടാം!"



സെയ്ദത്തുന്നിസ .എസ്

10 .എ

**ചെമ്പനും തുമ്പിയും** **കവിത**



ചെമ്പനറുമ്പേ, അമ്പലനടയിൽ
പമ്പരമുണ്ടല്ലോ!
കമ്പം കാണാം, കമ്പിപ്പൂത്തിരി,
ചെമ്പട്ടും വാങ്ങാം,
കോലൻ പാമ്പും ചെമ്പോത്തും, ചെറു
ചേമ്പില കൊണ്ടുവരും
വമ്പോട്ടു നമ്മൾ ചേമ്പില ചൂടി
കമ്പടികളി കാണും,
അമ്പടിതുമ്പീ, കമ്പം കാണാ-
നമ്പോ, ഞാനില്ലേ!
അമ്പലമുറ്റത്താളുകൾ കാലിൻ
തുമ്പാൽ തേച്ചീടും!

ഗ്രീഷ്മ .എസ്
9.സി

**അഭിമാനം** **കവിത**



സിന്ധു, ഗംഗ, യമുനാനദികൾ
ഭാരതനാടിന്നഭിമാനം
വിന്ധ്യൻ, ഹിമവാൻ,സഹ്യാദ്രികളും
ഭാരതനാടിന്നഭിമാനം

ഗാന്ധിജി,നെഹ്റു,മദർതെരേസ
ഭാരതമക്കൾക്കഭിമാനം

ഗ്രീഷ്മ .എസ്
9.സി

# തത്തമ്മയോട്

**കവിത**



അശ്വിൻ.എ.എസ്
10.സി

മുറ്റത്തെ മാവിൽ തത്തിയിരിക്കും
പച്ചതത്തമ്മേ
മൂത്തുപഴുത്തൊരു മാമ്പഴ-
മുണ്ണാനെത്തിയതാണോ നീ?

ചക്കരമാമ്പഴമുണ്ടു കഴിഞ്ഞാൽ
താഴെത്തെത്താമോ?
എന്നോടൊപ്പം പാട്ടുകൾ പാടാൻ
കൂടെക്കൂടാമോ?

# മഴവില്ല്

**കവിത**



മാനത്തുണ്ടൊരു മഴവില്ല്
അഴകേകുന്നൊരു മഴവില്ല്
താനേ തെളിയും മഴവില്ല്

തനിയെ മറയും മഴവില്ല്!

ലക്ഷ്മി ബിമൽശർമ്മ
9.എ

# ജി.കെ

## ഇന്ത്യയിലെ അപരനാമങ്ങൾ

1. സുവർണ്ണനഗരം -അമൃത്സർ
2 . പഞ്ചനദികളുടെ നാട് - പഞ്ചാബ്
3. ഇന്ത്യയുടെ ധാന്യപ്പുര – പഞ്ചാബ്
4. ബംഗാളിന്റെ ദുഃഖം - ദാമോദർ നദി
5.അറബിക്കടലിന്റെ റാണി - കൊച്ചി
6.ദൈവത്തിന്റെ സ്വന്തം നാട് - കേരളം
7.ഇന്ത്യയുടെ സുഗന്ധവ്യഞ്ജനത്തോട്ടം - കേരളം
8. ഇന്ത്യയിലെ ഗ്രീൻ സിറ്റി - ഗാന്ധിനഗർ
9.ഡയമണ്ട് സിറ്റി ഓഫ് ഇന്ത്യ – സൂറത്ത്
10.സഞ്ചാരികളുടെ സ്വർഗ്ഗം- ഗോവ



വിനോയ്.വി
9.എ

## നിറപ്പാട്ട്

**കവിത**

കുഞ്ഞിക്കുട്ടന് കിട്ടേണം
ചോപ്പും മഞ്ഞേം ചായങ്ങൾ
കുഞ്ഞാപ്പിക്കും കിട്ടേണം
നീലേം  ചോപ്പും ചായങ്ങൾ
കുട്ടിപ്പെണ്ണിന് വേണം പോൽ
മഞ്ഞേം നീലേം ചായങ്ങൾ
കുഞ്ഞിക്കുട്ടനും കുഞ്ഞാപ്പിക്കും

കുട്ടിപ്പെണ്ണിനും കളറായി
എന്നാലിന്റിഗോ  പച്ച വൈല-
റ്റോറഞ്ച്  എന്നിവ കിട്ടേണ്ടേ?



സന്ദീപ്ഷാജി
9.എ

## ചിത്രംവര

**കവിത**

കണ്ണൻ വട്ടം വരച്ചു
കണ്ണുകൾ രണ്ട് വരച്ചു
മൂക്ക് വരച്ചു ചുണ്ട് വരച്ചു
മുടിയും ഭംഗിയിൽ വരച്ചു
കോട്ട് വരച്ചു  പാന്റ് വരച്ചു



കാലിൽ ഷൂവും വരച്ചു
ഒരു കൈയിൽ ബാഗ് വരച്ചു
മറുകൈയിൽ  കുട വരച്ചു
ആഹാ നല്ലൊരു സ്കൂൾകുട്ടി
കണ്ണനെ നോക്കിച്ചിരിച്ചു
കണ്ണനും കൂടി ചിരിച്ചു!

ഷിഫാൻ.എസ്
9.എ

## പുതുവർഷപ്പെണ്ണ്

**കവിത**

പുതുവർണപ്പാട്ടുകൾ ചുറ്റി
പുലരിപ്പൊൻകിരണങ്ങളേറ്റ്
പുഞ്ചിരി തൂകിയണഞ്ഞോ
പുതുവർഷപ്പെണ്ണിന് ചാരെ
പുതുമകൾ കണ്ടു രസിക്കാം
പുത്തനറിവുകൾ നേടാം
പുഴകളും മലകളും കാണാം
പുൽമേട്ടിലോടിക്കളിക്കാം
പുണ്യപ്രവർത്തികൾ ചെയ്യാം
പുസ്തകം നന്നായി പഠിക്കാം
പുത്തൻപ്രതീക്ഷകൾ നെയ്യാം
പുതുവർഷം ശോഭനമാക്കാം



ദേവി.പി.എസ്
8.എ

# പുൽക്കൂട്ടിലെ ഉണ്ണി

**കവിത**



അഞ്ജന.എ
8.എ

പൂനിലാവൊഴുകുന്ന പാതിരാവിൽ
ഌമഞ്ഞ് വീഴുന്ന പാൽനിലാവിൽ
ബത് ലഹേം പുൽക്കൂട്ടിൽ
ഉണ്ണി പിറന്നു
മാനവ രക്ഷകൻ വിണ്ണിൽ നിന്നും
മണ്ണിലിറങ്ങി വന്നു
ആനന്ദ നൃത്തമാടി താരകങ്ങൾ
ഉണ്ണിയെക്കാണാൻ മൂവരാം
നൃപരെത്തി
ദിവ്യരാം നക്ഷത്രം വഴികാട്ടിയായി
തെളിഞ്ഞു നിന്നു
ദൂതർ തൻ സന്തോഷവാർത്ത
കേട്ടുടനെ ഇടയൻമാർ വന്നു ഗോശാലയിൽ
ഏവരും ഉണ്ണിയെ വണങ്ങി നിന്നു
രാജാധിരാജൻ പുൽമെത്തയിൽ
പുഞ്ചിരി ഌകി കിടന്നുറങ്ങി!

# കൂട്ടുകാർ

**കവിത**

ഒറ്റക്കിരുന്ന മുഷിഞ്ഞനാളിൽ
മുറ്റത്തു ഞാനൊരു മാവുനട്ടു
തളിരുവിരിഞ്ഞു ചെടി വളർന്നു
തണലുവളർന്നു നിലം കുളിർന്നു
വെള്ളമൊഴിച്ചു ഞാൻ കൂടെനിന്നു
മാമ്പൂവിരിഞ്ഞു മണംപരന്നു
പൂമ്പാറ്റവന്നു കിളികൾ വന്നു
മാമ്പഴം വീഴ്ത്തുവാൻ കാറ്റുവന്നു
തത്തയും  മൈനയും പാറിവന്നു
അണ്ണാനമേറെച്ചിലച്ചു വന്നു
ഒറ്റയ്ക്കിരുന്ന  മുഷിഞ്ഞനാളിൽ
കൂട്ടിനപിന്നെയും ആളുവന്നു!



വർഷദേവി.വി. എസ്
9.ബി

# പൂത്തുമ്പിക്കൂട്ടം

**കവിത**

പുലരിക്കുഞ്ഞങ്ങുണരുന്നേരം
പാരിൽ വെട്ടം വിതറുന്നു
വെട്ടം തൊട്ടു തലോടുമ്പോൾ
പൂമൊട്ടുകൾ വാടിയിൽ വിടരുന്നു



പൂമണമേന്തിയ പൂന്തേന്നൽ
പൂക്കളെമെല്ലെപ്പുണരുമ്പോൾ
പൂന്തേനുണ്ണാൻ പാഞ്ഞെത്തും
പൂത്തുമ്പിക്കൂട്ടം കൊതിയോടെ!

സെയ്ദത്തുനിസ .എസ്
10.എ

## കടങ്കഥകൾ

* അച്ഛനൊരു സാരി തന്നു, ഉടുത്തിട്ടും ഉടുത്തിട്ടും തീരുന്നില്ല
-ആകാശം
* കത്തീട്ടും കത്തീട്ടും കെടാത്ത വിളക്ക് - സൂര്യൻ
* ആയിരം കുറിയരി അതിലൊരു നെടിയരി - ചന്ദ്രൻ
* വില്ലാണ് പക്ഷേ, ഞാണില്ല കെട്ടാൻ - മഴവില്ല്
* നീലപ്പട്ടിൽ വെള്ളപ്പുള്ളി -നക്ഷത്രം

## കരടിയും പുലിയും കവിത

കുറ്റിക്കാട്ടിൽക്കുത്തിയിരുന്ന്
നേരംപോക്കും ചെങ്കരടി
ചെമ്പുലിയണ്ണൻ വന്നാൽ നിന്നെ
പിച്ചിക്കീറും സൂക്ഷിച്ചോ



പിച്ചക്കാരൻ ചെമ്പുലിയണ്ണൻ
പിച്ചയെടുത്തു വരുമ്പോൾ ഞാൻ
ചപ്പിയ മൂക്ക് ചെത്തിയെടുത്ത്
അച്ചാറാക്കും നോക്കിക്കോ!

അഞ്ജന.എ

8.എ

**മിച്ചം ആർക്ക്** **കവിത**

അത്താഴത്തിൻ മിച്ചം
ആർക്കാണെന്നതു തർക്കം
കാക്ക കരഞ്ഞുപറഞ്ഞു
മിച്ചം വന്നതെനിക്ക്.
പൂച്ച ചൊടിച്ചു മുരണ്ടു
മിച്ചമെനിക്കാണെന്നും
പാണ്ടൻനായ കുരച്ചു
പറ്റില്ലെനിക്കു വേണം
അത്താഴത്തിൽ മിച്ചം
അമ്മ പകുത്തു മൂന്നായ്
കാക്കച്ചിക്കൊരു പങ്ക്



പൂച്ചമ്മയ്ക്കൊരു പങ്ക്
പാണ്ടനുമുണ്ടൊരു പങ്ക്
വേണ്ടിനി തർക്കം തമ്മിൽ
അത്താഴത്തിൻ മിച്ചം
ഒത്തൊരുമിച്ചവരുണ്ടു!

ജഗൻ.എൻ.സജീവൻ
9.എ

## ഞണ്ടമ്മയും കുട്ടിയും

കഥ

ഒരു വലിയ കുളക്കരയിലെ മണലിലൂടെ ഞണ്ടിൻകുഞ്ഞ് നടക്കുന്നത് അമ്മഞണ്ട് ശ്രദ്ധിച്ചു. മുന്നോട്ടുള്ള കുഞ്ഞുഞണ്ടിന്റെ നടപ്പ് അത്ര ശരിയല്ല. അമ്മ അതിനെ ഉപദേശിച്ചു. "കുട്ടി നീ മര്യാദയ്ക്ക് നടക്ക്.ഇങ്ങനെ ഇടത്തോട്ടും വലത്തോട്ടും നടന്ന് സമയം കളഞ്ഞിട്ട് എന്താണൊരു പ്രയോജനം? ഇങ്ങനെ വശങ്ങളിലേക്ക് മാറിമാറി നടന്ന് എങ്ങനെ മുന്നോട്ട് പോകാൻ കഴിയും?" അമ്മയുടെ ഉപദേശം കേട്ടപ്പോൾ ഞണ്ടിൻകുഞ്ഞ് അമ്മ പറഞ്ഞ പ്രകാരം നേരെ മുന്നോട്ട് നടക്കാൻ ശ്രമിച്ചു.പറ്റുന്നില്ല.കുഞ്ഞുഞണ്ടിന് നിരാശയായി. "അമ്മേ, അമ്മ ഒന്ന് അങ്ങനെ നടന്ന് കാണിച്ചുതരു.ഞാനും അപ്പോൾ അതുപ്പോലെ നടക്കാൻ ശ്രമിക്കാം."കുഞ്ഞുഞണ്ട് പറഞ്ഞു. അമ്മ അങ്ങനെ നടന്ന് കാണിക്കാൻ ശ്രമിച്ചപ്പോഴല്ലേ രസം.

ഞണ്ടമ്മയ്ക്കും അതിനകഴിയുന്നില്ല.ഞണ്ടമ്മയുടെ നടത്തവും ഇടത്തോട്ടും വലത്തോട്ടും തന്നെ.ആ കാഴ്ച കണ്ട് ഞണ്ടിൻക്കുട്ടി പറഞ്ഞു: "അമ്മയ്ക്ക് നേരെ നടക്കാൻ കഴിയുന്നില്ല. പിന്നെ എങ്ങനെയാണ് എനിക്ക് നേരെ നടക്കാൻ കഴിയുക?"

തന്റെ കുറ്റവും കുറവും മനസ്സിലാക്കി വേണം അന്യരെ ഉപദേശിക്കാൻ. അല്ലെങ്കിൽ ഉപദേശം പലപ്പോഴും പരിഹാസ്യമാകും.



ജൂവൽ തോമസ്

9.എ

## കടപ്പാട്

**ഈ ഡിജിറ്റൽ മാഗസിൻ യാഥർത്ഥ്യമാക്കിയ എസ് എൻ ട്രസ്റ്റ് ഹയർസെക്കണ്ടറി സ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകിയ പ്രീതടീച്ചറിനും രേഖടീച്ചറിനും നന്ദി!**

**ആരഭി. എം. എൻ**
**- എഡിറ്റർ**